**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6741** **11-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽ വികസനത്തിൽ ഉണ്ടായ ദുരവസ്ഥ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും കൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനു ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ് അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ നടത്തുന്നതാണ്. ജെ.വി.സി ക്ക് പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി) രൂപീകരിച്ചുകൊണ്ടാണ് പദ്ധതി നടത്തിപ്പ് സാധ്യമാക്കുന്നത്. പ്രസ്തുത കോർപ്പറേഷൻ വഴി സംസ്ഥാനത്തെ റെയിൽ വികസനം വളരെ ഉർജ്ജിതമായിത്തന്നെ പുരോഗമിക്കുകയാണ്. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ച കഴിഞ്ഞു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - |

| | | | |
|---|---|---|---|
| | | | കാസർകോട് 2. തലശ്ശേരി - മൈസ്സൂർ റയിൽവേ ലൈൻ 3. നിലംബൂർ- നൻജഗുഡ് റയിൽ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി മേൽപ്പറഞ്ഞ പദ്ധതികളില്ലൊം തന്നെ ഇപ്പോൾ കെ.ആർ.ഡി.സി.എൽ ന്റെ ആസൂത്രണ ഘട്ടത്തിലാണുള്ളത്. ആയതിനാൽ സംസ്ഥാനത്തെ റെയിൽ വികസനത്തിൽ എന്തെങ്കിലും മുരടിപ്പുള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി, പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി, റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും നിരന്തരമായ ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായി, ഇതിനോടകം തന്നെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. ഇതു കൂടാതെ, കേരളത്തിൻറെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാന മന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇത്തരത്തിൽ കേന്ദ്ര സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തി പദ്ധിതകൾ ഉർജ്ജിതമായി മുമ്പോട്ടു കൊണ്ടു പോകുവാൻ സാധിക്കും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് റെയിൽവേ വികസനം അനിവാര്യമാണ്. റെയിൽവേ മേഖലയിൽ കൂടുതൽ മുതൽമുടക്ക് ആവശ്യമായ സ്ഥിതിയാണ് കേരളത്തിലുള്ളത്. |
| (ബി) | എങ്കിൽ ഈ വികസന മുരടിപ്പിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും കൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി |

രൂപീകരിച്ചിട്ടുണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനു ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ് അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ നടത്തുന്നതാണ്. ജെ.വി.സി ക്ക് പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി) രൂപീകരിച്ചുകൊണ്ടാണ് പദ്ധതി നടത്തിപ്പ് സാധ്യമാക്കുന്നത്. പ്രസ്തുത കോർപ്പറേഷൻ വഴി സംസ്ഥാനത്തെ റെയിൽ വികസനം വളരെ ഉർജ്ജിതമായിത്തന്നെ പുരോഗമിക്കുകയാണ്. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോട് 2. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ 3. നിലംബൂർ- നൻജഗുഡ് റയിൽ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി മേൽപ്പറഞ്ഞ പദ്ധതികളില്ലൊം തന്നെ ഇപ്പോൾ കെ.ആർ.ഡി.സി.എൽ ന്റെ ആസൂത്രണ ഘട്ടത്തിലാണുള്ളത്. ആയതിനാൽ സംസ്ഥാനത്തെ റെയിൽ വികസനത്തിൽ എന്തെങ്കിലും മുരടിപ്പുള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി, പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി, റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും നിരന്തരമായ ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായി, ഇതിനോടകം തന്നെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ

| | | | |
|---|---|---|---|
| | | | വിഷയങ്ങളായിരുന്നു. ഇതു കൂടാതെ, കേരളത്തിൻറെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാന മന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇത്തരത്തിൽ കേന്ദ്ര സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തി പദ്ധതികൾ ഉർജ്ജിതമായി മുമ്പോട്ടു കൊണ്ടു പോകുവാൻ സാധിക്കും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് റെയിൽവേ വികസനം അനിവാര്യമാണ്. റെയിൽവേ മേഖലയിൽ കൂടുതൽ മുതൽമുടക്ക് ആവശ്യമായ സ്ഥിതിയാണ് കേരളത്തിലുള്ളത്. |
| (സി) | സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് എം.പി.മാരുടെയും ബന്ധപ്പെട്ടവരുടെയും യോഗം വിളിച്ച് ചേർത്തിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉള്ളടക്കം വിശദമാക്കാമോ? | (സി) | പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിനു മുന്നോടിയായി 15.11.2021 ന് ചേരാൻ നിശ്ചയിച്ചിട്ടുള്ള എം.പി. മാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനായി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ താഴെക്കാണുന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ്) തിരുവനന്തപുരം - കാസർഗോഡ് വരെ പ്രസ്തുത പദ്ധതിക്കുള്ള റെയിൽവേ മന്ത്രാലയത്തിൽ നിന്നുള്ള അനുമതിയും കേന്ദ്ര സർക്കാർ അനുമതിയും ലഭ്യമാക്കുന്നത് സംബന്ധിച്ച്. 2. തലശ്ശേരി - മൈസൂർ പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നത് സംബന്ധിച്ച് 3. നിലമ്പൂർ - നഞ്ചൻകോട് പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നത് സംബന്ധിച്ച് 4. അങ്കമാലി - ശബരി പദ്ധതി ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാമെന്ന് കേന്ദ്ര റെയിൽ വകുപ്പ് മുമ്പാകെ അറിയിച്ചിരുന്നു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്ന നടപടി ക്രമങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. 5. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി റെയിൽവേ ബോർഡ് പ്രസ്തുത പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നത് സംബന്ധിച്ച്. |

സെക്ഷൻ ഓഫീസർ